**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1354** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഫ്ലോട്ടിംഗ് ബ്രിഡ്ജ് തകർന്ന സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല പാപനാശം ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജ് തകർന്ന് ഇരുപതോളം പേർക്ക് പരിക്ക് പറ്റിയ സംഭവത്തിൽ വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | വർക്കല ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജിന് 09.03.2024 ൽ വൈകുന്നേരം ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചിലർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിക്കേറ്റവർക്ക് ചികിത്സയും തുടർ സൗകര്യങ്ങളും ഉറപ്പാക്കിയിരുന്നു. സംഭവത്തെ തുടർന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതിക്ക് തീരദേശ പരിപാലന അതോറിറ്റിയുടേയും ദുരന്ത നിവാരണ അതോറിറ്റിയുടേയും അനുമതി ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇത്തരം പദ്ധതികൾക്ക് തീരദേശ പരിപാലന അതോറിറ്റിയുടേയും ദുരന്ത നിവാരണ അതോറിറ്റിയുടേയും മുൻകൂർ അനുമതി ലഭ്യമാക്കി മാത്രമേ പ്രവർത്തിക്കാവൂ എന്ന നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (സി) | കടലിലേക്ക് തള്ളി നിൽക്കുന്ന തരത്തിൽ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; എങ്കിൽ ഇത് പ്രകാരം എന്തെല്ലാം സുരക്ഷാ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നുവെന്ന് വിശദമാക്കാമോ; | (സി) | കേരള അഡ്വഞ്ചർ ടൂറിസം പ്രോമോഷൻ സൊസൈറ്റി തയ്യാറാക്കിയ സുരക്ഷാ മാർഗ്ഗരേഖ അടിസ്ഥാനമാക്കിയാണ് കടലിന് മുകളിൽ പൊങ്ങിനിൽക്കുന്ന ഫ്ലോട്ടിംഗ് ബ്രിഡ്ജ് കമ്പനി നിർമ്മാണം നടത്തിയിട്ടുള്ളത് എന്നാണ് ഡിറ്റിപിസി അറിയിച്ചത്. |
| (ഡി) | പ്രസ്തുത നിർമ്മാണത്തിൽ മതിയായ സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ഇപ്പോൾ ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിവെച്ചിരിക്കുകയാണ്. അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ